**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 450** **21-07-2022 - ൽ മറുപടിയ്ക്ക്**

**പാൽ, മുട്ട, മാംസ ഉല്പാദനത്തിന് ലോൺ സബ്സിഡി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി,<br>ശ്രീ തോമസ് കെ തോമസ്,<br>ശ്രീ. കെ.പി.മോഹനൻ,<br>ശ്രീ കെ ബി ഗണേഷ് കുമാർ | | ശ്രീമതി ജെ ചിഞ്ചുറാണി<br>(മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആവശ്യമായ പാൽ, മുട്ട, മാംസം എന്നിവ ഉല്പാദിപ്പിക്കാൻ സബ്സിഡിയോട് കൂടിയ ലോണും മറ്റ് സൗകര്യങ്ങളും നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ? | (എ) | **മൃഗസംരക്ഷണ വകുപ്പ്**<br><br>പാൽ, മുട്ട, മാംസം എന്നിവയുടെ ഉല്പാദനത്തിന് സബ്സിഡി നൽകുന്നതിന് മൃഗസംരക്ഷണ വകുപ്പ് മുഖേന താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കി വരുന്നു.<br><br>1. ഗോവർദ്ധിനി പദ്ധതി, കന്നുകുട്ടി പരിപാലന പദ്ധതി - പശുക്കുട്ടികൾക്ക് സബ്സിഡി നിരക്കിൽ തീറ്റ, ഇൻഷുറൻസ് പരിരക്ഷ എന്നിവ ഉൾപ്പെടെ നൽകുന്ന പദ്ധതികൾ<br>2. ഗോട്ട് സാറ്റലൈറ്റ് യൂണിറ്റ്<br>3. ഗോസമൃദ്ധി - സമഗ്ര കന്നുകാലി ഇൻഷുറൻസ് പദ്ധതി<br>4. ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം (നഗര പ്രദേശങ്ങളിൽ കൂടുകളിൽ കോഴി വളർത്തൽ പദ്ധതി, സ്കൂൾ ബാക്ക്യാർഡ് പൗൾട്രി ഡെവലപ്പ്മെന്റ് പ്രോഗ്രാം)<br>5. കേരളാ ചിക്കൻ പദ്ധതി<br>6. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് (എ.ആർ.ഡി) പദ്ധതിയുടെ കീഴിൽ മാംസാവശ്യത്തിനായി പോത്തുകുട്ടി വളർത്തൽ പദ്ധതി<br>7. വൈഡ് (വിമൺ ഇൻ ഡയറി എന്റർപ്രണർഷിപ്പ്)<br>8. വാണിജ്യാടിസ്ഥാനത്തിൽ ആട് വളർത്തൽ<br>9. പന്നി വളർത്തൽ പദ്ധതി<br><br>നിലവിൽ മൃഗസംരക്ഷണ മേഖലയിലെ കർഷകർക്ക് മൃഗസംരക്ഷണ വകുപ്പ് മുഖേന നേരിട്ട് പലിശ രഹിത വായ്പകൾ നൽകുന്നില്ലെങ്കിലും കിസാൻ ക്രെഡിറ്റ് |

| | | | |
|---|---|---|---|
| | | | കാർഡ് പദ്ധതിപ്രകാരം 4 % പലിശയിൽ ബാങ്ക് ലോൺ നൽകുന്ന പദ്ധതിയുടെ ആനുകൂല്യം കർഷകർക്ക് ലഭ്യമാക്കുന്നതിന് സഹായം നൽകുന്നു.<br><br>**<u>ക്ഷീരവികസന വകുപ്പ്</u>**<br><br>സംസ്ഥാനത്ത് ആവശ്യമായ പാൽ ഉല്പാദിപ്പിക്കാൻ സബ്സിഡിയോട് കൂടിയ ലോണും മറ്റ് സൗകര്യങ്ങളും നൽകുന്നതിന്റെ ഭാഗമായി ക്ഷീരവികസന വകുപ്പ് ഈ വർഷം നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പുതിയ പദ്ധതികളിൽ പ്രധാനപ്പെട്ട ഒരു പദ്ധതി ആണ് ബാങ്ക് ഇന്ററസ്റ്റ് സബ്‌വെൻഷൻ സ്കീം – ഫാം ആധുനികവൽക്കരണത്തിനും യന്ത്രവത്കരണത്തിനും കർഷകൻ ബാങ്ക് ലോൺ മുഖേന ചിലവഴിച്ച തുകയുടെ പലിശയ്ക്ക് സർക്കാർ ധനസഹായം നൽകുന്നതാണ് പദ്ധതി.<br><br>കൂടാതെ, ക്ഷീരവികസന വകുപ്പ് നടപ്പിലാക്കി വരുന്ന മിൽക്ക് ഷെഡ് ഡെവലപ്പ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങി നൽകുന്ന പദ്ധതികൾ - രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ് എന്നീ പദ്ധതികൾ നിലവിലുണ്ട്. |

സെക്ഷൻ ഓഫീസർ